STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.592/PR/SPMC/PHQ/2020 Date :03.11.2020

**വേഗപരിധി ലംഘിച്ചതിനുള്ള പിഴ സ്റ്റേ ചെയ്തത് പരാതിക്കാരന് മാത്രം**

വേഗപരിധി ലംഘിച്ചതിന് ക്യാമറാദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ പോലീസ് പിഴ ചുമത്തുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തത് പരാതിയുമായി കോടതിയിൽ എത്തിയ ആളുടെ കാര്യത്തിൽ മാത്രമാണ്.

കൊല്ലം ജില്ലയിലെ കുളക്കടയിൽ വേഗപരിധി ലംഘിച്ച വ്യക്തിക്ക് പിഴ അടയ്ക്കാൻ പോലീസിന്റെ ഹൈടെക്ക് ട്രാഫിക്ക് എൻഫോഴ്സ്മെന്റ് കൺട്രോൾ റൂം 2020 സെപ്തംബർ 29 ന് ചാർജ് മെമ്മോ നൽകിയിരുന്നു. ഇതിനെതിരെ ആ വ്യക്തി ഹൈക്കോടതിയെ സമീപിക്കുകയും ഇതിൻമേലുള്ള നടപടി മൂന്നാഴ്ചത്തേയ്ക്ക് ഹൈക്കോടതി സ്റ്റേ ചെയ്യുകയുമാണ് ഉണ്ടായത്. ഈ ഇടക്കാല ഉത്തരവ് പരാതിക്കാരന് മാത്രമായിരിക്കും ബാധകം. പരാതിക്കാരൻ ഉന്നയിച്ച കാര്യങ്ങൾ സംബന്ധിച്ച പ്രസ്താവന നൽകാൻ ഹൈക്കോടതി ഗവൺമെന്റ് പ്ലീഡറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഹൈടെക്ക് ട്രാഫിക്ക് എൻഫോഴ്സ്മെന്റ് കൺട്രോൾ റൂമിന്റെ പതിവ് പ്രവർത്തനങ്ങൾ തുടരും.

**************************